പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2130 — 5/5/2017 ൽ മറുപടിക്ക്

# സുരക്ഷാപരിശോധനയില്ലാത്ത അറവുമാടുകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. **ആബിദ് ഹുസൈൻ തങ്ങൾ**: | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) ചെക്ക്പോസ്റ്റുകളിലൂടെ സുരക്ഷാ പരിശോധനയില്ലാതെ അറവുമാടുകളെ കൊണ്ടുവരുന്നത് ആന്ത്രാക്സും കുളമ്പുരോഗവുമുൾപ്പെടെയുള്ള പകർച്ച വ്യാധി ഭീഷണി ഉണ്ടാക്കുന്ന കാര്യം മൃഗസംരക്ഷണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | എ) ചെക്ക് പോസ്റ്റുകളിലൂടെ രോഗവാഹകരെന്ന് സംശയിക്കപ്പെടുന്ന ഉരുക്കളെ കടത്തിവിടാറില്ല. സംസ്ഥാനത്തോ, പുറത്തോ സാംക്രമിക രോഗങ്ങൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ചെക്ക് പോസ്റ്റുകൾക്ക് കൂടുതൽ ജാഗ്രതാ നിർദ്ദേശം നൽകുകയും കുളമ്പുരോഗം തിരിച്ചറിയാനുള്ള റാപ്പിഡ് കിറ്റ് ഉപയോഗിച്ച് ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുകയും ചെയ്യാറുണ്ട്. |
| ബി) ചെക്ക്പോസ്റ്റുകളിൽ വെറ്റിനറി ഡോക്ടർ സീൽ ചെയ്ത മാടുകളെ മാത്രമേ കടത്തി വിടുകയുള്ളൂ എന്ന നിയമം കർശനമായി പാലിക്കുവാനുള്ള നിർദ്ദേശം അധികൃതർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | ബി) ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന ഓരോ കൺസൈൻമെന്റുകൾക്കൊപ്പവും ഉരുക്കൾക്ക് ഷെഡ്യൂൾ പ്രകാരമുള്ള പ്രതിരോധ കുത്തിവെയ്പുകൾ നൽകിയിട്ടുണ്ടെന്നും രോഗമില്ലെന്ന് സൂചിപ്പിക്കുന്ന കേന്ദ്ര മൃഗസംരക്ഷണ ബോർഡ് (AWBI) നിർദ്ദേശിക്കുന്ന തരത്തിലുള്ള മാതൃകയിൽ അംഗീകൃത വെറ്ററിനറി സർജന്റെ ഫോൺനമ്പറും രജിസ്റ്റർ നമ്പറും ഉൾപ്പെടെയുള്ള സീൽ പതിച്ച ആരോഗ്യസർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ആരോഗ്യസർട്ടിഫിക്കറ്റ് ഇല്ലാതെ വരുന്ന ഉരുക്കളെ സംസ്ഥാനത്തേക്ക് കടത്തിവിടരുത് എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) പരിശോധനയില്ലാതെ കൊണ്ടു വരുന്ന മൃഗങ്ങൾ വഴി കേരളത്തിലെ മൃഗങ്ങൾക്ക് ആന്ത്രാക്സ്, കുളമ്പു രോഗങ്ങൾ ഉടങ്ങിയവ പിടിപെടുന്ന കാര്യം പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | സി) കേരളത്തിലെ മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ വഴി പരിശോധനയില്ലാതെ ഉരുക്കളെ കടത്തിവിടരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗവാഹകരെന്ന് ഭൗതിക പരിശോധനയിലോ, കിറ്റുകൾ ഉപയോഗിച്ചുള്ള പരിശോധനകൾ വഴിയോ മനസ്സിലായാൽ ഉരുക്കളെ തിരിച്ചയക്കുന്നു. |

സെക്ഷൻഓഫീസർ